## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2093 05.12.2018 ൽ മറുപടിക്ക്

### സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്ന സംഭവങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി. അനിൽ കുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംഭവങ്ങൾ റിപ്പോർട്ടാകുന്ന സന്ദർഭങ്ങളിൽ ശരിയായ ദിശയിൽ അന്വേഷണം നടത്തി കേസുകൾ ചാർജ് ചെയ്തുവരുന്നതിനാൽ എണ്ണം വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇപ്രകാരം കാണാതാകുന്നവരെ കണ്ടെത്തുന്നതിന് സംസ്ഥാനതലത്തിൽ അന്വേഷണ സംഘം പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിലേക്കായി സംസ്ഥാനതലത്തിൽ ശ്രീമതി.മെറിൻ ജോസഫ് ഐ.പി.എസിനെ നോഡൽ ഓഫീസറായി ഒരു അന്വേഷണ സംഘം (SIT MM-I) സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ